പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 4870 21/10/2011 ൽ മറുപടിയ്ക്ക്

## വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം

ചോദ്യം | ഉത്തരം

ശ്രീ. പി. ഉബൈദുള്ള : | ഡോ. എം.കെ. മുനീർ :
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ; | (എ) വികലാംഗ ദുരിതാശ്വാസ നിധിയുടെ കോർപ്പസ് ഫണ്ടായി സ്ഥിര നിക്ഷേപമായ 1 കോടി രൂപയുടെ പലിശയിനത്തിലുള്ള തുകയാണ് ധനസഹായം വിതരണം ചെയ്യുന്നതിന് ഉപയോഗിക്കുന്നത്. ജില്ലാ സാമൂഹ്യക്ഷേമ ഓഫീസുകളിൽ സ്വീകരിക്കുന്ന അപേക്ഷകൾ മുൻഗണനാക്രമത്തിൽ സർക്കാരിന് ലഭ്യമാക്കുകയും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുമാണ് ചെയ്യുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യ ക്ഷേമ ഡയറക്ടറേറ്റിൽ നിന്നും ഓരോ ജില്ലയ്ക്കും ഫണ്ട് അനുവദിക്കുന്നു. വികലാംഗരുടെ ചികിത്സാർത്ഥമാണ് ധനസഹായം അനുവദിക്കുന്നത്. പരമാവധി ധനസഹായം 2000 രൂപയാണ്. എന്നാൽ പ്രത്യേക കേസുകളിൽ 5000 രൂപ വരെ സഹായം അനുവദിക്കാറുണ്ട്. |
| (ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്രതുക ഇപ്രകാരം വിതരണം ചെയ്തു എന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ? | (ബി) ഈ സർക്കാർ അധികാരമേറ്റശേഷം വിവിധ ജില്ലകൾക്കായി 10,07, 750 രൂപ അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ആയത് അനുബന്ധമായി ചേർത്തിരിക്കുന്നു. |

R. Vijayakumar

സെക്ഷൻ ഓഫീസർ

സംഗ്രഹം

സാമൂഹ്യക്ഷേമ വകുപ്പ് - വികലാംഗ ദുരിതാശ്വാസ നിധി (2010-11) ചികിത്സാ ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു

സാമൂഹ്യക്ഷേമ (സി) വകുപ്പ്

സ.ഉ.(സാധാ)നം. 362/2011/സാക്ഷേവ തിരുവനന്തപുരം, തിയതി: 29/9/2011

പരാമർശം: സാമൂഹ്യക്ഷേമ ഡയറക്ടറുടെ 07.12.2010ലെ H2-35200/09 നമ്പർ കത്ത്.

ഉത്തരവ്

പരാമർശം ഒന്നിലെ കത്ത് പ്രകാരം വികലാംഗ ദുരിതാശ്വാസ നിധിയിൽ 10,07,750/-രൂപ നീക്കിയിരിപ്പുണ്ടെന്ന് സാമൂഹ്യക്ഷേമ ഡയറക്ടർ അറിയിച്ചിരിക്കുന്നു. ഇക്കാര്യം സർക്കാർ പരിശോധിക്കുകയും താഴെ പറയുന്ന പ്രകാരം ജില്ലാതലത്തിൽ ചികിത്സാ സഹായം അനുവദിച്ച് ഉത്തരവു പുറപ്പെടുവിക്കുകയും ചെയ്യുന്നു.

| | |
|---|---|
| തിരുവനന്തപുരം | 81,000/-രൂപ |
| കൊല്ലം | 80,000/-രൂപ |
| പത്തനംതിട്ട | 78,000/-രൂപ |
| ആലപ്പുഴ | 75,900/-രൂപ |
| കോട്ടയം | 76,000/-രൂപ |
| ഇടുക്കി | Nil |
| എറണാകുളം | 77,000/- രൂപ |
| തൃശ്ശൂർ | 75,000/- രൂപ |
| പാലക്കാട് | 79,000/- രൂപ |
| മലപ്പുറം | 87,000/- രൂപ |

| | |
|---|---|
| കോഴിക്കോട് | 79,000/- രൂപ |
| വയനാട് | 68,000/- രൂപ |
| കണ്ണൂർ | 76,850/- രൂപ |
| കാസറഗോഡ് | 75,000/- രൂപ |
| ആകെ | 10,07,750/-രൂപ |

ടി തുക വിനിയോഗിച്ച് ഇതോടനുബന്ധമായി ചേർത്തിരിക്കുന്ന ജില്ലാതലത്തിലുള്ള പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള അപേക്ഷകർക്ക് വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം അനുവദിച്ചിട്ടുള്ള ഉത്തരവു കൂടി പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം
ശാരദ മുരളീധരൻ ,
സെക്രട്ടറി.

സാമൂഹ്യക്ഷേമ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർക്കും
അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ & ഇ) കേരള, തിരുവനന്തപുരം.
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

R. Vijayak

സെക്ഷൻ ഓഫീസർ

പകർപ്പ്:- സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രിയുടെ പി.എസിന്
സാമൂഹ്യക്ഷേമ വകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്.
സാമൂഹ്യക്ഷേമ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്.